**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

08.05.2017-ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ. 2405

## നടുവിൽ ഗവ. പോളി ടെക്നിക്കിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. കെ.സി.ജോസഫ് | മറുപടി<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) നിർദ്ദിഷ്ട നടുവിൽ ഗവ. പോളിടെക്നിക്കിന്റെ പ്രവർത്തനം 2017-18 അദ്ധ്യയനവർഷം മുതൽ ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | (എ) 2017-18 വർഷത്തിൽ നിർദ്ദിഷ്ട നടുവിൽ ഗവ പോളിടെക്നിക്ക് കോളേജ് തുടങ്ങുന്നതിനു വേണ്ടി എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരത്തിന് സമയബന്ധിതമായി അപേക്ഷ നൽകി എങ്കിലും സ്ഥാപനത്തിന് വേണ്ട 5 ഏക്കർ സ്ഥലത്തിന്റെ കൈമാറ്റ നടപടി പൂർത്തിയായിട്ടില്ലാത്തതിനാലും ഒന്നാം വർഷ ക്ലാസ്സുകൾ തുടങ്ങുവാൻ കെട്ടിടങ്ങൾ സജ്ജമല്ലാത്തതിനാലും, എ.ഐ.സി.റ്റി.ഇ. യുടെ അനുമതി ലഭിച്ചിട്ടില്ല അതിനാൽ 2017-18 വർഷത്തിൽ നിർദ്ദിഷ്ട നടുവിൽ പോളിടെക്നിക്ക് ആരംഭിക്കാൻ കഴിയുന്നതല്ല |
| (ബി) ഇതിനായി, എ.ഐ.സി.റ്റി.ഇ സംഘ ത്തിന്റെ നിർദ്ദേശങ്ങൾ അടിയന്തരമായി പൂർത്തിയാക്കു വാനുള്ള നടപടി സ്വീകരി ക്കുമോ? | (ബി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽ നിന്നും 5 ഏക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനു വേണ്ടി കൈമാറാൻ 16.3.2016 തീയതിയിലെ ക്യാബിനറ്റ് യോഗത്തിൽ ഐറ്റം നം. 8766 പ്രകാരം തീരുമാനം എടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതു വരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുകയാണുണ്ടായത്. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിച്ചു. ഉപസമിതി തീരുമാനപ്രകാരം ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിശോധനയിലാണ്.<br><br>പൂർത്തീകരിച്ച കെട്ടിടങ്ങളുടെ വൈദ്യുതീകരണ ജോലികൾ നടത്തേണ്ടതുണ്ട്.<br><br>ഒന്നാം വർഷത്തേയ്ക്ക് ആവശ്യമായ ഉപകരണങ്ങളും കമ്പ്യൂട്ടറുകളും ഫർണിച്ചറുകളും മറ്റു സാമഗ്രികളും ലഭ്യമാക്കുന്നതിനായി ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ